തൊഴിലില്ലായ്മ പരിഹരിക്കാൻ പദ്ധതി

*20 [621] ശ്രീ. ടി. കെ. ദേവകുമാർ:
„ കോടിയേരി ബാലകൃഷ്ണൻ:
„ എം. വി. ജയരാജൻ:
„ ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഭ്യസ്തവിദ്യരുടെ ഇടയിലുള്ള തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് സർക്കാർ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) ഗ്രാമപ്രദേശങ്ങളിലെ അഭ്യസ്തവിദ്യരുടെ ഇടയിലുള്ള തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് പ്രത്യേക പദ്ധതി വല്ലതും തയ്യാറാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഇതു സംബന്ധിച്ച് സംസ്ഥാന ആസൂത്രണ കമ്മീഷൻ എന്തെങ്കിലും നിർദ്ദേശം സംസ്ഥാന സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ?

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ):

(എ) ആവിഷ്കരിച്ചിട്ടുണ്ട്. ഈ വകുപ്പ് വഴി കെസ്രു-99 (കേരളാ സ്റ്റേറ്റ് സെൽഫ് എംപ്ലോയ്മെന്റ് സ്കീം ഫോർ ദി രജിസ്റ്റേർഡ് അൺ എംപ്ലോയ്ഡ്) എന്ന സ്വയം തൊഴിൽ പദ്ധതി നടപ്പിലാക്കി വരുന്നു.

(ബി) കെസ്രു-99 എന്ന പുതിയ സ്വയം തൊഴിൽ പദ്ധതി സർക്കാർ ഉത്തരവ് നമ്പർ ജി. ഒ. (പി) 40/99 തീയതി 30-3-1999 പ്രകാരം 2000-01 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കി വരുന്നു. ഈ പദ്ധതി പ്രകാരം സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് ഒരു വ്യക്തിക്ക് 30,000 രൂപ (പരമാവധി 50,000 രൂപ) ബാങ്ക് വായ്പ ലഭ്യമാക്കുന്നതാണ്. വായ്പയുടെ 20% സർക്കാർ സബ്സിഡി നൽകും. അപേക്ഷകൻ കേരളത്തിലെ ഏതെങ്കിലും ഒരു എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്ട്രേഷൻ നിലവിലുള്ള ആളായിരിക്കണം. വാർഷിക കുടുംബ വരുമാനം 24,000 രൂപയിൽ കവിയാൻ പാടില്ല. പ്രായപരിധി 21-നും 40-നും ഇടയ്ക്കായിരിക്കണം. എന്നാൽ പട്ടികജാതി/പട്ടികവർഗ്ഗ/വികലാംഗ ഉദ്യോഗാർത്ഥികൾക്ക് ഉയർന്ന പ്രായപരിധിയിൽ 5 വർഷത്തെ ഇളവു ലഭിക്കുന്നതാണ്. 25 വയസ്സ് കഴിഞ്ഞവർക്കും ഇപ്പോൾ തൊഴിൽരഹിത വേതനം കൈപ്പറ്റിക്കൊണ്ടിരിക്കുന്നവർക്കും മുൻഗണന നൽകുന്നതാണ്. അപേക്ഷകൻ വിദ്യാർത്ഥി ആയിരിക്കുവാൻ പാടില്ല. (പാർട്ട്ടൈം കോഴ്സുകളും 6 മാസത്തിൽ താഴെയുള്ള കോഴ്സുകളും ഒഴിവാക്കിയിട്ടുണ്ട്.) പ്രൊഫഷണൽ എൻ. റ്റി. സി., എൻ. എ. സി. എന്നീ വിദ്യാഭ്യാസയോഗ്യതയുള്ളവർക്ക് മുൻഗണന നൽകുന്നതാണ്. വ്യക്തിഗത വരുമാനം പ്രതിമാസം 500 രൂപയിൽ താഴെയായിരിക്കണം. എംപ്ലോയ്മെന്റ് ഡയറക്ടർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി അപേക്ഷ ക്ഷണിക്കുന്നു. തൊഴിൽരഹിതരായ

LIBRARY ARCHIVES Kerala Legislative Assembly

ഒന്നിലധികം വ്യക്തികൾ ചേർന്നും സംയുക്ത സംരംഭങ്ങൾ ആരംഭിക്കാവുന്നതാണ്. ഈ പദ്ധതി നടപ്പിലാക്കുന്ന എല്ലാ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനോടനുബന്ധിച്ച്, അപേക്ഷ പരിഗണിച്ച് അർഹമായ ധനകാര്യ സ്ഥാപനങ്ങളിലേക്ക് ശുപാർശ ചെയ്യുന്നതിന് ഒരു ജില്ലാതല കമ്മിറ്റി ഉണ്ടായിരിക്കുന്നതാണ്. ഈ പദ്ധതിയെ സംബന്ധിച്ചുള്ള എല്ലാ കാര്യങ്ങളിലും സംസ്ഥാന സർക്കാരിന് ഉപദേശം നൽകുന്നതിനായി വകുപ്പുമന്ത്രി ചെയർമാനായ ഒരു സംസ്ഥാനതല കമ്മിറ്റിയുണ്ട്. ജില്ലാ തലത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായ കമ്മിറ്റിയാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്.

(സി) ഇതുകൂടാതെ 2002-2003 ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന പ്രത്യേക തൊഴിൽദാനപദ്ധതി നടപ്പിലാക്കാൻ ഗവൺമെന്റ് നടപടികൾ സ്വീകരിച്ചുവരുന്നു: അതു സംബന്ധിച്ച് വിശദമായ പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്.

(ഡി, ഇ) പരിശോധിച്ച് മറുപടി നൽകുന്നതാണ്

കരിമണലിൽ നിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ

*21 [622] ശ്രീ. എം. മുരളി:
,, സി. പി. മുഹമ്മദ്:
ശ്രീമതി മേഴ്സി രവി:
ശ്രീ. കെ. എ. ചന്ദ്രൻ:
,, വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു നിന്ന് കരിമണൽ ഖനനം ചെയ്യുവാൻ അനുവാദം കൊടുത്തിട്ടുള്ളവരിൽ ആരെല്ലാമാണ് കരിമണൽ കൊണ്ട് വാല്യൂ ആഡഡ് ഉൽപ്പന്നങ്ങൾ നിർമ്മിക്കാമെന്നേറ്റിട്ടുള്ളത്;

(ബി) എന്തെല്ലാം ഉൽപ്പന്നങ്ങൾ നിർമ്മിക്കാമെന്നാണ് ഇവർ സമ്മതിച്ചിട്ടുള്ളത്;

(സി) ഇപ്രകാരമുള്ള ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്ന ഫാക്ടറിയിൽ എത്ര പേർക്ക് തൊഴിൽ ലഭിക്കും എന്ന് വ്യക്തമാക്കാമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ) പൊതുമേഖലാ സ്ഥാപനങ്ങളായ ഐ. ആർ. ഇ. എൽ., കെ. എം. എം. എൽ. എന്നീ രണ്ടു കമ്പനികൾക്കാണ് കരിമണൽ ഖനനത്തിനുള്ള അനുവാദം നൽകിയിട്ടുള്ളത്. ഈ രണ്ട് കമ്പനികളും വാല്യൂ ആഡഡ് ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നുണ്ട്.

(ബി) കെ. എം. എം. എൽ. ഇൽമനൈറ്റ് വേർതിരിച്ച് ടൈറ്റാനിയം ഡയോക്സൈഡ് ഉണ്ടാക്കുന്നു. ഇതു കൂടാതെ സിർക്കോണും റൂട്ടൈലും ഉൽപ്പാദിപ്പിക്കുന്നു. ഇൽമനൈറ്റ്, റൂട്ടൈൽ, സിർക്കൺ, സിലിമനൈറ്റ്, മോണോസൈറ്റ് എന്നിവ ഐ. ആർ. ഇ. എൽ. ഉൽപ്പാദിപ്പിക്കുന്നു. കൂടാതെ മോണസൈറ്റ് കൂടുതൽ സംസ്കരിച്ച് ഐയർ എർത്ത്സ് കോമ്പൗണ്ടുകളും ഉൽപ്പാദിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly